ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവർ, തിരുവനന്തപുരം.
തീയതി: 15-02-2025

**നമ്പർ. ഡി1/886//2024-റ്റി.സി.**

**<u>സർക്കുലർ നമ്പർ. 4/2025</u>**

വിഷയം: **മോട്ടോർ വാഹന വകുപ്പ്** – ഓട്ടോറിക്ഷകളിൽ ഫെയർ മീറ്റർ പ്രവർത്തിപ്പിക്കാതെ അമിത ചാർജ് ഈടാക്കുന്നത് – എസ്.ടി.എ. തീരുമാനം സർക്കുലർ ആയി പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന :
1. ശ്രീ. മത്ത്യാസ് കെ. പി., കൊച്ചി, എറണാകുളത്തിന്റെ നിർദ്ദേശം.
2. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ 24.01.2025 തീയതിയിലെ തീരുമാനം.
3. ബഹു. ട്രാൻസ്പോർട്ട് കമ്മീഷണറുടെ 12.02.2025 തീയതിയിലെ ഇതേ നമ്പർ ഫയലിലെ ഉത്തരവ്

ഓട്ടോറിക്ഷകളിൽ ഫെയർ മീറ്റർ പ്രവർത്തിപ്പിക്കാതെ അമിത ചാർജ് ഈടാക്കുന്നതായും ഇത് ഓട്ടോ ഡ്രൈവർമാരും യാത്രക്കാരുമായുള്ള സംഘർഷങ്ങൾക്ക് കാരണമാകുന്നതായുമുള്ള പരാതികൾ ദിനംപ്രതി വർദ്ധിച്ചുവരുകയാണ്.

ദുബായ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് വിജയകരമായി നടപ്പിലാക്കിയതും ഓട്ടോറിക്ഷകളിൽ പതിപ്പിച്ചിട്ടുള്ളതുമായ "If the fare meter is not working, journey is free" എന്ന രീതി കേരളത്തിലും നടപ്പിലാക്കണമെന്ന ഒരു നിർദ്ദേശം സൂചന(1) പ്രകാരം ശ്രീ. മത്ത്യാസ് ഫ്രാൻസിസ് കെ. പി. നിർദ്ദേശിക്കുകയുണ്ടായി. ടി നിർദ്ദേശം 24.01.2025 തീയതിയിൽ കൂടിയ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി യോഗത്തിൽ ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു.

ഓട്ടോറിക്ഷകളിൽ യാത്രക്കാർക്ക് കാണുന്ന വിധത്തിൽ ഡ്രൈവർ സീറ്റിന് പുറകിലായി യാത്രക്കാർക്ക് അഭിമുഖമായ ഭാഗത്ത് **"യാത്രാ വേളയിൽ ഫെയർ മീറ്റർ പ്രവർത്തിപ്പിക്കാതിരിക്കുകയോ പ്രവർത്തനരഹിതമായിരിക്കുകയോ ചെയ്താൽ യാത്ര സൗജന്യം"** എന്ന് മലയാളത്തിലും **"If the fare meter is not engaged or not working, your journey is free"** എന്ന് ഇംഗ്ലീഷിലും രേഖപ്പെടുത്തി പ്രിന്റ് ചെയ്ത സ്റ്റിക്കർ അല്ലെങ്കിൽ യാത്രക്കാരന് വായിക്കാൻ കഴിയുന്ന ഫോണ്ട് വലുപ്പത്തിൽ ഇരുണ്ട പശ്ചാത്തലത്തിൽ വെള്ള നിറത്തിൽ എഴുതേണ്ടതാണ്. ടി സ്റ്റിക്കർ/എഴുത്ത് പതിപ്പിക്കൽ സി.എഫ് ടെസ്റ്റിന്റെ വ്യവസ്ഥകളിൽ 01.03.2025 തീയതി മുതൽ ഉൾപ്പെടുത്തേണ്ടതുമാണ്.

പ്രസ്തുത നിർദ്ദേശം എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടേയും നേതൃത്വത്തിൽ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, എൻഫോഴ്സ്മെന്റ് ഓഫീസർമാരും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും കർശനമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

NAGARAJU CHAKILAM IPS

TRANSPORT COMMISSIONER

Signed by
Chakilam Nagaraju
Date: 15-02-2025 19:18:33

സ്വീകർത്താവ്

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
3. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എൻഫോഴ്സ്മെന്റുമാർക്കും
4. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

പകർപ്പ്

1. ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി എ.
2. ജെ.ടി.സി. & എസ്.ടി.എ. സെക്രട്ടറിയുടെ സി.എ.
3. സീനിയർ ഡി.ടി.സി. ടാക്സേഷന്റെ സി. എ.
4. സീനിയർ ലാ ഓഫീസറുടെ സി.എ.